**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് -തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ എൽ.ഡി.ക്ലാർക്കായ ശ്രീ.ആസാദ്.എയുടെ മാതാവിന്റെ വീഴ്ചയിലുണ്ടായ എല്ലുപൊട്ടലിനെ തുടർന്നുണ്ടായ ചികിൽസയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1564/2016/തസ്വഭവ.                തീയതി, തിരുവനന്തപുരം, 29/04/2016

---

പരാമർശം : 1) ശ്രീ.ആസാദ്.എ യുടെ 18/02/2013 ലെ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 15/11/2013,11/11/2015 തീയതികളിലെ എഫ്2-12115/13 നമ്പർ കത്ത്.

3) ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01/03/2013 ലെ 23-ാംനമ്പർ തീരുമാനം.

4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ **15/10/2015** ലെ MH5-55187/15/DHS നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ എൽ.ഡി.ക്ലാർക്കായ ശ്രീ.ആസാദ് എ യുടെ മാതാവിന് വീഴ്ചയിലുണ്ടായ എല്ലുപൊട്ടലിനെ തുടർന്നുണ്ടായ ചികിൽസയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം 4 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,09,643/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 87,714/- രൂപ (എൺപത്തി ഏഴായിരത്തി എഴുന്നേറ്റിപതിന്നാല് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തി തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ

എൽ.ഡി.ക്ലർക്കായ ശ്രീ.ആസാദ്.എയുടെ മാതാവിന് വീഴ്ചയിലുണ്ടായ എല്ലുപൊട്ടലിനെ തുടർന്നുള്ള സർജറിയോടനുബന്ധിച്ചുള്ള (Fracture-left femur) ചികിൽസയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 1,09,643/- രൂപ യുടെ 80% തുകയായ 87,714/- രൂപ (എൺപത്തി ഏഴായിരത്തി എഴുന്നേറ്റിപതിന്നാല് രൂപ മാത്രം) തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി ശ്രീ.ആസാദ്.എ യ്ക്ക് അനുവദിക്കുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൻ. നന്ദകുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീ.ആസാദ്.എ, എൽ.ഡി.ക്ലാർക്ക്, ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്
ആരോഗ്യകുടുംബക്ഷേമ വകുപ്പ് 07/06/2014 ലെ(യു.ഒ.നം.23994/G2/14/H&WFD പ്രകാരം)
ധനകാര്യ വകുപ്പ് (27/04/2015 ലെ 5494/WW3/2015/Fin പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ